# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1406** **12-02-2025 - ൽ മറുപടിയ്ക്ക്**

## പുനലൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എസ്.എസ്.കെ. ഫണ്ടിൽ ഉൾപ്പെടുത്തി പുനലൂർ നിയോജക മണ്ഡലത്തിലെ നെടുമ്പാറ ഗവ. ടി.സി.എൻ.എം. എച്ച്.എസ്.എസ്. -ൽ ഹോസ്റ്റൽ കെട്ടിടം നിർമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; | (എ) | **PM JANMAN ഹോസ്റ്റലുകൾ പി.വി.ടി.ജി വിഭാഗക്കാരിലെ കുട്ടികൾക്കായാണ് നിർമ്മിക്കുന്നത്. കേരളത്തിൽ കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ, കൊറഗ, കുറവ, കാടർ എന്നീ വിഭാഗക്കാരെ ആണ് പി.വി.ടി.ജി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ 'ഗതിശക്തി' പോർട്ടലിൽ കൊല്ലം ജില്ലയിൽ ടി വിഭാഗക്കാർ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.** |
| (ബി) | 2018-19 കിഫ്ബി ഫണ്ടിൽ നിന്നും കുളത്തുപ്പുഴ യു.പി.എസ് -ന് അനുവദിച്ച സ്കൂൾ കെട്ടിടം പുനലൂർ ഐക്കരക്കോണം സ്കൂളിലേക്ക് മാറ്റി നൽകുന്നത് സംബന്ധിച്ച് മന്ത്രിതല യോഗത്തിലെ ധാരണ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത ഫയൽ നിലവിൽ ആരുടെ പരിഗണനയിലാണെന്നും എപ്പോൾ ഭരണാനുമതി നൽകാനാകുമെന്നും വിശദമാക്കാമോ; | (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ കിഫ്ബി ഫണ്ടിൽ നിന്നും കുളത്തുപ്പുഴ യു.പി.എസ്സിൽ അനുവദിച്ച. സ്കൂൾ കെട്ടിടം, പുനലൂർ ഐക്കരക്കോണം സ്കൂളിലേക്ക് മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. പുനലൂർ എം.എൽ.എ. നൽകിയ കത്തിന്മേൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് വാങ്ങിയിരുന്നു. പ്രസ്തുത ഫയൽ നിലവിൽ വിദ്യാകിരണം മിഷൻ പരിശോധിച്ചു വരുന്നു. |
| (സി) | പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആര്യങ്കാവ് പഞ്ചായത്തിലെ ആര്യങ്കാവ് ഗവ എൽ.പി. സ്കൂളിൽ അനുവദിച്ച സ്കൂൾ കെട്ടിടം ഇടമുളക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിലേക്ക് മാറ്റി നൽകുന്നത് സംബന്ധിച്ച മന്ത്രിതല യോഗത്തിലെ ധാരണ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ഫയൽ നിലവിൽ ആരുടെ പരിഗണനയിലാണെന്നും എപ്പോഴേക്ക് ഭരണാനുമതി നൽകാനാകുമെന്നും അറിയിക്കാമോ? | (സി) | **പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ആര്യങ്കാവ് പഞ്ചായത്തിലെ ആര്യങ്കാവ് ഗവ എൽ.പി.സ്കൂളിൽ അനുവദിച്ച സ്കൂൾ കെട്ടിടം ഇടമുളക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിലേക്ക് മാറ്റി നൽകുന്നത് സംബന്ധിച്ച മന്ത്രിതല യോഗത്തിലെ ധാരണ പ്രകാരം ഭരണാനുമതി നല്കുന്നതിലേ ക്കായി പൊതുമരാമത്ത് വകുപ്പ് മുഖേന ഡി.പി.ആർ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ